(എ) പുതിയതായി വിതരണം ചെയ്യപ്പെട്ട റേഷൻ കാർഡുകളിലെ തെറ്റായ വിവരങ്ങളെപ്പറ്റിയുള്ള പരാതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവ പരിഹരിക്കാൻ എന്തു നടപടികൾ സ്വീകരിക്കുകയുണ്ടായി ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുതുതായി വിതരണം ചെയ്യപ്പെട്ട കാർഡുകളിൽ തെറ്റായ വിവരങ്ങൾ ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നൽകിയിട്ടുണ്ട്. അതുപ്രകാരം നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് : തികച്ചും അർഹതയുള്ളവർക്ക് റേഷൻ കാർഡ് ലഭിക്കുവാൻ പല ബുദ്ധിമുട്ടുകളുമുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. യു. എ. ബീരാൻ : പുതിയ റേഷൻ കാർഡ് വിതരണം ചെയ്തപ്പോൾ അർഹതയുള്ളവർക്ക് എല്ലാവർക്കും റേഷൻ കാർഡ് വിതരണം ചെയ്യണം എന്നു പറഞ്ഞിട്ടുണ്ട്. അർഹതയുള്ള ആർക്കും റേഷൻ കാർഡ് നൽകാതിരുന്നിട്ടില്ല.

ശ്രീ. കെ. സി. ജോസഫ് : ഈ കാര്യത്തിൽ ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തു നിന്ന് കുറ്റകരമായ അനാസ്ഥ ഉള്ളതായി മനസ്സിലാക്കുന്നു. ആ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. യു. എ. ബീരാൻ : ഇതിൽ ചില തെറ്റുകൾ വന്നിട്ടുണ്ട്. ആ തെറ്റുകൾ തിരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ : വനപ്രദേശങ്ങളിൽ താമസിക്കുന്ന ആദിവാസികൾക്ക് റേഷൻ കാർഡ് കിട്ടുവാനുള്ള സാഹചര്യം പലപ്പോഴും നിഷേധിക്കപ്പെടുകയാണ്. അവർക്ക് വീട്ടു നമ്പർ ഇടാനുള്ള സൗകര്യമില്ല. അതുകൊണ്ട് അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. യു. എ. ബീരാൻ : വീട്ടു നമ്പരില്ലാത്ത വീടുകൾക്ക് നമ്പരുകളിട്ട് പുതുതായി റേഷൻ കാർഡുകൾ നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആദിവാസികൾ താമസിക്കുന്ന പ്രദേശത്ത് റേഷൻ കാർഡ് വിതരണം നടത്തുന്നതിൽ പ്രത്യേകം ശ്രദ്ധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ലോക്കപ്പ് മരണങ്ങൾ

* 49. [53] ശ്രീ. സി. വാസുദേവമേനോൻ :
,, എം. വി. രാഘവൻ :
,, എം. ജിനദേവൻ :
,, കെ. ചന്ദ്രശേഖരൻ :
,, പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എവിടെയെല്ലാം ലോക്കപ്പ് മരണങ്ങൾ നടന്നിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം സംസ്ഥാനത്ത് എത്ര ലോക്കപ്പ് മരണങ്ങളാണ് ഉണ്ടായത് ;

(സി) 1982 മേയ് മാസത്തിനുശേഷം നാളിതുവരെയായി എത്ര ലോക്കപ്പ് മരണങ്ങളാണ് ഈ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട് ;

(ഡി) ഈ കാലയളവിൽ എത്ര ലോക്കപ്പ് മർദ്ദനങ്ങളാണ് ഉണ്ടായിട്ടുണ്ട് ;

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര ലോക്കപ്പ് മരണങ്ങളാണ് നടന്നത് ;

(എഫ്) എത്ര കൊലക്കേസിൽ പ്രതികളെ അറസ്റ്റ് ചെയ്തു ; എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തത് ;

(ജി) 1985-ൽ ആകെ എത്ര ലോക്കപ്പ് മരണങ്ങളാണ് നടന്നിട്ടുള്ളത് ;

(എച്ച്) ലോക്കപ്പ് മരണങ്ങളോട് ബന്ധപ്പെട്ട് എത്ര പോലീസ് ഉദ്യോഗസ്ഥൻമാരുടെമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഐ) ലോക്കപ്പ് മരണങ്ങളെ സംബന്ധിച്ച് അന്വേഷിക്കാൻ ഇതിനകം എത്ര അന്വേഷണ കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട് ;

(ജെ) ഏതെല്ലാം ലോക്കപ്പ് മരണങ്ങളെപ്പറ്റിയുള്ള അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട് ;

(കെ) അന്വേഷണ കമ്മീഷൻ റിപ്പോർട്ടിൽ കുറ്റക്കാരെന്നുകണ്ട പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വെന്ന് വ്യക്തമാക്കാമോ ?

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി:)

(എ) 1. മലക്കിപ്പാറ പോലീസ് സ്റ്റേഷൻ (തൃശ്ശൂർ ജില്ല)
2. ചേവായൂർ പോലീസ് സ്റ്റേഷൻ (കോഴിക്കോട് ജില്ല)
3. പേരൂർക്കട പോലീസ് സ്റ്റേഷൻ (തിരുവനന്തപുരം ജില്ല)
4. ചാത്തന്നൂർ പോലീസ് സ്റ്റേഷൻ (കൊല്ലം ജില്ല)
5. അച്ചൻകോവിൽ പോലീസ് സ്റ്റേഷൻ (കൊല്ലം ജില്ല)
6. തിരൂർ പോലീസ് സ്റ്റേഷൻ (മലപ്പുറം ജില്ല)
7. വെള്ളറട പോലീസ് സ്റ്റേഷൻ (തിരുവനന്തപുരം ജില്ല)
8. കോന്നി പോലീസ് സ്റ്റേഷൻ (പത്തനംതിട്ട ജില്ല)
9. വഞ്ചിയൂർ പോലീസ് സ്റ്റേഷൻ (തിരുവനന്തപുരം ജില്ല)

(ബി) രണ്ട്.

(സി) ഒൻപത്.

(ഡി) 295 ലോക്കപ്പ് മർദ്ദനങ്ങളാണ് നടന്നതായി പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഇ) ഒൻപത്.

(എഫ്) ലോക്കപ്പ് മരണങ്ങളോടനുബന്ധിച്ച് രണ്ട് കൊലക്കേസുകളിൽ പ്രതികളെ അറസ്റ്റു ചെയ്തു.

(ജി) മൂന്ന്.

(എച്ച്) 18 പോലീസ് ഉദ്യോഗസ്ഥൻമാരുടെമേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ക്രിമിനൽ നടപടികൾ കൂടാതെ സസ്പെൻഷൻ മുതലായ ഡിപ്പാർട്ടുമെന്റൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു സബ് ഇൻസ്പെക്ടറേയും ഒരു ഹെഡ് കോൺസ്റ്റബിളിനേയും സർവ്വീസിൽ നിന്നും പിരിച്ചുവിട്ടു.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) മൂന്ന്.

(ജെ) പേരൂർക്കട ലോക്കപ്പ് മരണത്തെക്കുറിച്ച് അന്വേഷിച്ച ശ്രീ. ഗോപാലൻ കമ്മീഷനേറെയും, ചാത്തന്നൂർ ലോക്കപ്പ് മരണത്തെക്കുറിച്ച് അന്വേഷിച്ച അബൂബക്കർ കമ്മീഷനേറെയും അന്വേഷണ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്.

(കെ) കമ്മീഷൻ കുറ്റക്കാരെന്നുകണ്ട പോലീസ് ഉദ്യോഗസ്ഥൻമാരുടെ പേരിൽ ഗവൺമെൻറ് നിർദ്ദേശിച്ചതനുസരിച്ച് ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. പി. സി. ജോർജ് : ഈ അന്വേഷണ കമ്മീഷൻറെ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ ആരുടെയെങ്കിലും പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. വയലാർ രവി : കമ്മീഷൻ കുറ്റക്കാരെന്നു കണ്ട ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കോടതി ശിക്ഷിച്ച ആളുകളെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടു.

ശ്രീ. പി. സി. ജോർജ് : ഈ ജനാധിപത്യമുന്നണി ഗവൺമെൻറ് അധികാരത്തിൽ വരുന്നതിനുമുമ്പ് പ്രതിപക്ഷനേതാവായ ശ്രീ. ഇ. കെ. നായനാരുടെ കാലത്ത് ലോക്കപ്പുമരണമുണ്ടായതിൻറെ പേരിൽ ഏതെങ്കിലും ഉദ്യോഗസ്ഥൻമാരുടെ പേരിൽ നായനാർ ഗവൺമെൻറ് നടപടി സ്വീകരിച്ചതായി ഗവൺമെൻറിനറിയാമോ ?

ശ്രീ. വയലാർ രവി : നായനാർ ഗവൺമെൻറിൻറെ കാലത്ത് ആറ് ലോക്കപ്പ് മരണങ്ങളുണ്ടായിട്ടുണ്ട്. അതിൽ ഒരു കേസിൽ മാത്രമാണ് കേസ് എടുക്കുകയും ചില ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുള്ളത്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : ശ്രീ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഉണ്ടായിട്ടുള്ള ലോക്കപ്പുമരണങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാൻ കഴിയുമോ ?

ശ്രീ. വയലാർ രവി : ആറ് ലോക്കപ്പുമരണങ്ങളാണുണ്ടായിട്ടുള്ളത്. മേലുകാവിൽ ജോർജ്, അമ്പലവയൽ പോലീസ് സ്റ്റേഷനിൽ പൈലി, കരിവണ്ണൂർ പോലീസ് സ്റ്റേഷനിൽ രാജപ്പൻ, ചിന്നപ്പൻ എറണാകുളം, ഭുവനേന്ദ്രൻ തിരുവനന്തപുരം, രാജൻ വടക്കാഞ്ചേരി എന്നീ ആറ് ആളുകളാണ് ശ്രീ. നായനാരുടെ ഭരണകാലത്ത് ലോക്കപ്പിൽവച്ച് മരണമടഞ്ഞിട്ടുള്ളത്.

ലാൻഡ് യൂട്ടിലൈസേഷൻ നിയമം

50. * [54] ശ്രീ. എം. കെ. കേശവൻ :
,, നാലകത്ത് സൂപ്പി :
,, കെ. പി. എ. മജീദ് :
,, കെ. പി. പ്രഭാകരൻ :
,, കെ. ടി. കണാരൻ താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലാൻഡ് യൂട്ടിലൈസേഷൻ നിയമത്തിന് വിരുദ്ധമായി പാടങ്ങൾ നികത്തി വീട് വെയ്ക്കുന്നതായി ഉള്ള പരാതി ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 1982-നു ശേഷം സംസ്ഥാനത്ത് എത്ര ഹെക്ടർ നെൽപ്പാടങ്ങൾ നികത്തിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly